മലേഷ്യ ഇന്റർനാഷനൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ ഹ്യൂമനിറ്റേറിയൻ പുരസ്കാരം സ്വീകരിച്ച് ഡോ. സിദ്ദീഖ് അഹമ്മദ് സംസാരിക്കുന്നു

മലേഷ്യയുടെ മുൻ പ്രധാനമന്ത്രി മഹാതീർ മുഹമ്മദും അദ്ദേഹത്തിന്റെ ക്യാബിനറ്റിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സുലൈമാൻ ദാവൂദും ചേർന്നാണ് ഇസ്‌ലാമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന അന്താരാഷ്ട്ര യൂണിവേഴ്സിറ്റിയുടെ പ്ലാൻ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോ ഓപറേഷൻ (ഒ.ഐ.സി) പ്രതിനിധികളുടെ മുമ്പിൽ അവതരിപ്പിച്ചത്. സൗദി അറേബ്യയാണ് സാമ്പത്തിക സഹകരണവുമായി ആദ്യം തന്നെ ഈ ആശയത്തെ സർവാത്മനാ പിന്തുണച്ചത്.

വിശ്വമൈത്രിയുടെ വിജയക്കൊടി പാറുന്ന വിജ്ഞാന കേന്ദ്രം

120 രാജ്യങ്ങളിൽനിന്ന് 30,000 വിദ്യാർഥികൾ

മുസാഫിർ

ചിത്രങ്ങൾ: അജിബ് കോമാച്ചി

അറിവിന്റെ സാഗരം ഇരമ്പുന്ന മഹാവിദ്യാപീഠം ഇതാ ഇവിടെ. ഹരിതാഭയുടെ പനയോലകൾ കുട നിവർത്തിയ എഴുന്നൂറ് ഏക്കറിൽ പരന്നുകിടക്കുന്ന മലേഷ്യയിലെ അന്താരാഷ്ട്ര ഇസ്‌ലാമിക് സർവകലാശാല. മലയാളി ബന്ധമുള്ള മുൻ മലേഷ്യൻ പ്രധാനമന്ത്രി മഹാതീർ മുഹമ്മദിനു നന്ദി. മുപ്പത്തിമൂന്നു കൊല്ലം മുമ്പ് അദ്ദേഹത്തിന്റെ മനസ്സിലുദിച്ച ആശയമാണ് ഇന്ന് 120 രാജ്യങ്ങളിൽ നിന്നുള്ള മുപ്പതിനായിരത്തോളം വിദ്യാർഥികൾ അധ്യയനം നടത്തുന്ന വൻ ക്യാംപസായി വളർന്നത്.

ക്യാംപസ് എന്നല്ല ക്യാംപസുകൾ എന്നാണ് പറയേണ്ടത്. 14 ഫാക്കൽറ്റികൾക്കായി നാലു വൻകിട ക്യാംപസുകളാണ് പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നത്. കുല്ലിയ്യ എന്നാണ് ഫാക്കൽറ്റികൾ അറിയപ്പെടുന്നത്. പ്രധാന ആസ്ഥാനം സെലാംഗോറിലെ ജാലാൻഗോംബക്ക് എന്ന സ്ഥലത്താണ്. തലസ്ഥാനമായ കാലാലംപൂരിൽ നിന്ന് ഒരു മണിക്കൂർ യാത്ര.

മഹാതീർ മുഹമ്മദും അദ്ദേഹത്തിന്റെ ക്യാബിനറ്റിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സുലൈമാൻ ദാവൂദും ചേർന്നാണ് ഇസ്‌ലാമിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്ന അന്താരാഷ്ട്ര യൂണിവേഴ്സിറ്റിയുടെ പ്ലാൻ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോ ഓപ്പറേഷൻ (ഒ.ഐ.സി) പ്രതിനിധികളുടെ മുമ്പിൽ അവതരിപ്പിച്ചത്. സൗദി അറേബ്യയാണ് സാമ്പത്തിക സഹകരണവുമായി ആദ്യം തന്നെ ഈ ആശയത്തെ സർവാത്മനാ പിന്തുണച്ചത്. മലേഷ്യൻ രാജാവ് സുൽത്താൻ അഹമ്മദ് ഷായുടെ അംഗീകാരവും ലഭിച്ചു. സൗദി അറേബ്യക്കു പുറമെ ബംഗ്ലാദേശ്, ഈജിപ്ത്, മാലി, പാക്കിസ്ഥാൻ, തുർക്കി എന്നീ ഗവൺമെന്റുകളും മലേഷ്യയിലെ അന്താരാഷ്ട്ര ഇസ്‌ലാമിക് യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സഹായങ്ങൾ വാഗ്ദാനം ചെയ്തു.

153 വിദ്യാർഥികളുമായി 1983 ൽ യൂണിവേഴ്സിറ്റി പ്രവർത്തനമാരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ വിദ്യാർഥികളുടെ പ്രവാഹമായിരുന്നു. വിദേശത്ത് നിന്നായിരുന്നു കൂട്ടികൾ കൂടുതലായും എത്തിയത്. പരിസ്ഥിതി പ്രാധാന്യമുള്ള മനോഹരമായ സ്ഥലത്ത് ക്യാംപസ് കെട്ടിട സമുച്ചയമുയർന്നു. ബിരുദ - ബിരുദാനന്തര വിഭാഗങ്ങളും ഗവേഷണ വിഭാഗങ്ങളും

കാലാലംപൂർ ഇന്റർനാഷനൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിലെത്തിയ പ്രതിനിധികളെ റെക്ടർ സാലിഹ ഖമറുദ്ദീൻ സ്വീകരിച്ചപ്പോൾ

മലേഷ്യയിലെ അന്താരാഷ്ട്ര ഇസ്‌ലാമിക് സർവകലാശാല

പൂർണമായും പ്രവർത്തനസജ്ജമാക്കാൻ മൂന്നു വർഷമേ എടുത്തുള്ളൂ. മെഡിക്കൽ, എൻജിനീയറിംഗ്, ഐ.ടി, മതപഠന വിഭാഗങ്ങളിലേക്ക് വിജ്ഞാനതൃഷ്ണയുമായി നിരവധി വിദ്യാർഥികളെത്തി. താരതമ്യേന ഫീസ് ഘടന കുറവായതും മികച്ച അധ്യാപനവും അച്ചടക്കവും ആഗോള വിദ്യാർഥികളെ ഇങ്ങോട്ടാകർഷിച്ചു. തികച്ചും ചിട്ടയോടെ ഇസ്‌ലാമിക അന്തരീക്ഷത്തിലാണ് പഠനവും ഹോസ്റ്റൽ ജീവിതവുമെന്നതും ആയിരക്കണക്കിന് വിദ്യാർഥികളേയും രക്ഷിതാക്കളേയും മലേഷ്യൻ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിലേക്ക് ആകർഷിക്കുന്ന ഘടകമായിത്തീർന്നു. ഇന്ത്യയിൽ നിന്നുൾപ്പെടെ നിരവധി വിദ്യാർഥിനീ-വിദ്യാർഥികൾ മലേഷ്യയിലെത്തി. അണ്ടർ ഗ്രാജ്വേറ്റുകളായ നൂറു ശതമാനം വിദ്യാർഥികളെ ഉദ്ദേശിച്ചാണ് മികച്ച സൗകര്യങ്ങളോടെ ഹോസ്റ്റലുകൾ നിർമിച്ചിട്ടുള്ളത്. ഉന്നതപഠനം നടത്തുന്നവർക്ക് സ്ഥലസൗകര്യമനുസരിച്ച് ഹോസ്റ്റലുകൾ അനുവദിക്കുമെന്ന് സർവകലാശാലാ വൈസ് ചാൻസലർ (അമേരിക്കൻ രീതിയിൽ റെക്ടർ, ഡെപ്യൂട്ടി റെക്ടർ എന്നാണ് ഇവിടെ ഈ തസ്തിക അറിയപ്പെടുക) അൾജീരിയൻ തലസ്ഥാനമായ അൾജിയേഴ്സ് സ്വദേശി ഡോ. അബ്ദുർ അസീസ് ബെർഗുത് ഈ ലേഖകനോട് പറഞ്ഞു. മഹല്ല എന്നാണ് ഹോസ്റ്റലുകൾ അറിയപ്പെടുന്നത്. വിദേശ വിദ്യാർഥികൾക്കാണ് ഹോസ്റ്റലിന്റെ കാര്യത്തിൽ മുൻഗണന നൽകുക. ലോകത്തിലെ ഏറ്റവും വലിയ ഏഴാമത്തെ യൂണിവേഴ്സിറ്റി ലൈബ്രറിയാണ് മലേഷ്യൻ ഇന്റർനാഷനൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിലുള്ളത്. അതിവിശാലമായ മെഡിക്കൽ ലൈബ്രറി ഇതിനു പുറമെയാണ്. ഇസ്‌ലാമിക് ബാങ്കിംഗ് പഠിപ്പിക്കുന്ന അസ്മാൻ ഹാഷിം സമുച്ചയം, സ്പോർട്സ് കോംപ്ലക്സ്, കൾച്ചറൽ ആക്ടിവിറ്റി സെന്റർ എന്നിവയും സർവകലാശാലയുടെ പ്രൗഢി വർധിപ്പിക്കുന്നു. ക്യാംപസിനകത്തെ സുൽത്താൻ ഹാജി അഹമ്മദ് ഷാ പള്ളി ഏറെ പ്രസിദ്ധമാണ്. സ്കാൻഡിനേവിയൻ രാജ്യമായ ഫിൻലാൻഡ് മുതൽ കമ്യൂണിസ്റ്റ് രാജ്യമായ ഉത്തര കൊറിയ വരെയുള്ള സ്ഥലങ്ങളിലെ വിദ്യാർഥികൾ ആഗോള സൗഹൃദത്തിന്റെ പതാക പാറിക്കുന്ന യൂണിവേഴ്സിറ്റി ക്യാംപസാണിത്. അമേരിക്കയിലെ പ്രശസ്ത ഇസ്‌ലാമിക പണ്ഡിതയും പ്രബോധകയുമായ ആമിനാ വദ്ദ് ഉൾപ്പെടെ നിരവധി വിഖ്യാതരായ വിദ്യാഭ്യാസ വിചക്ഷണർ നേതൃത്വം നൽകിയതാണ് ഇവിടത്തെ ഓരോ ഫാക്കൽറ്റിയുമെന്നതും ഈ ക്യാംപസിന്റെ യശസ്സുയർത്തുന്നു.

മലപ്പുറം മഅ്ദിൻ അക്കാദമി ചെയർമാൻ ഇബ്രാഹിം ഖലീലുൽ ബുഖാരി, ക്യാബിനറ്റ് പദവിയുള്ള മലേഷ്യൻ ഗവ. ന്റെ സ്പെഷ്യൽ അഡ്വൈസർ താൻ ശ്രീ റഈസ് യാത്തിം, ഡോ. സിദ്ദീഖ് അഹമ്മദ് എന്നിവർ

മലേഷ്യൻ യൂണിവേഴ്സിറ്റിക്ക് മലയാളത്തിന്റെ പെരുമ

മലേഷ്യൻ യൂണിവേഴ്സിറ്റിയിൽ നിരവധി മലയാളി വിദ്യാർഥികളും അധ്യാപകരുമുണ്ട്. പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുൾപ്പെടെ നിരവധി മലയാളികൾ ഇവിടത്തെ പൂർവവിദ്യാർഥികളാണ്. സൗദിയിലും ഗൾഫിലുമുള്ള നിരവധി മലയാളി രക്ഷിതാക്കൾ അവരുടെ മക്കളെ തുടർപഠനത്തിനായി ഇങ്ങോട്ടയക്കുന്നു. പലരും പ്രൊഫഷനൽ കോഴ്സുകൾ ചെയ്യുന്നവരാണ്. സയ്യിദ് ഇബ്രാഹിം ഖലീലുൽ ബുഖാരി ചെയർമാനായ മലപ്പുറത്തെ മഅ്ദിൻ അക്കാദമിയും ഇന്റർനാഷനൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പ് വെച്ചതോടെ ഇനിയും കേരളത്തിൽ നിന്ന് നിരവധി വിദ്യാർഥികൾക്ക് ഇവിടെ പഠനം നടത്താൻ അവസരം ലഭിക്കുമെന് മഅ്ദിൻ പ്രതിനിധിയും ഇന്റർഫെയിത്ത് ഹാർമണി യു.എൻ. പ്രോഗ്രാം കോ ഓർഡിനേറ്ററുമായ ഉമർ മേൽമുറി മലയാളം ന്യൂസിനോട് പറഞ്ഞു.

മഅ്ദിൻ അക്കാദമിയിൽനിന്ന് പഠിച്ചിറങ്ങിയ പലരും ഇപ്പോൾ ഇവിടെ അധ്യാപകരായി ജോലി ചെയ്യുന്നുണ്ട്. പ്രമുഖരായ രണ്ടു മലയാളികളെ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി ആദരിച്ചുവെന്നതും വലിയൊരംഗീകാരമാണ്. ജീവകാരുണ്യരംഗത്തെ മികച്ച സംഭാവനകൾ കണക്കിലെടുത്ത് ഇറാം ഗ്രൂപ്പ് ചെയർമാൻ ഡോ. സിദ്ദീഖ് അഹമ്മദിന് യൂണിവേഴ്സിറ്റിയുടെ ഹ്യൂമാനിറ്റേറിയൻ പുരസ്കാരം ചാൻസലർ ഡോ. സാലിഹ ഖമറുദ്ദീൻ വിതരണം ചെയ്തത് ഇക്കഴിഞ്ഞ ബുധനാഴ്ചയാണ്. പ്രധാനമന്ത്രിയുടെ കാര്യാലയത്തിലെ ഡയരക്ടർ ജനറൽ എ. ലച്ചുമനൻ, ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശവിഭാഗം പ്രതിനിധി മിശാൽ ജിൻസ്, ഇബ്രാഹിം ഖലീലുൽ ബുഖാരി തുടങ്ങിയവരുൾപ്പെടെ നിരവധി പേർ പങ്കെടുത്ത പ്രൗഢമായ ചടങ്ങിൽ പ്രവാസി മലയാളികളുടെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ പ്രകീർത്തിക്കപ്പെട്ടു. വിശ്വവിജ്ഞാനത്തിന്റെ ആഗോളകവാടമായ ഒരു യൂണിവേഴ്സിറ്റിയിൽ നിന്നുള്ള വിശിഷ്ടമായ അംഗീകാരം തനിക്ക് ലഭിച്ച ഏറ്റവും വലിയ ബഹുമതിയാണെന്ന് ഡോ. സിദ്ദീഖ് അഹമ്മദ് പറഞ്ഞു. ലുലു ഗ്രൂപ്പ് എം.ഡി എം.എ. യൂസഫലിയാണ് ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയുടെ അവാർഡ് ലഭിച്ച ആദ്യമലയാളി. മുൻ വർഷങ്ങളിൽ സമ്മാനിതരായ യു.എ.ഇ സാംസ്കാരിക മന്ത്രി മുബാറക് അൽ നഹ്യാൻ, ദല്ലാ അൽബാറകയുടെ മേധാവി യാസർ മുഹമ്മദ് അബ്ദു യെമാനി (സൗദി അറേബ്യ), കുവൈത്ത് മതകാര്യവിഭാഗം അണ്ടർ സെക്രട്ടറി ഡോ. ആദിൽ ഫലാഹ് എന്നിവർക്കൊപ്പമാണ് പ്രവാസലോകത്തെ പ്രമുഖരായ രണ്ടു മലയാളികളെ മലേഷ്യൻ അന്താരാഷ്ട്ര സർവകലാശാല പുരസ്കാരം നൽകി ആദരിച്ചത് എന്നതും ഗൾഫ് പ്രവാസികളെപ്പോലെ മലേഷ്യയിലെ മലയാളി വിദ്യാർഥികൾക്കും അധ്യാപകർക്കും ഒരു പോലെ അഭിമാനകരമാണ്.

സാലിം അൽ ശെഹ്രിയുടെ ഉടമസ്ഥതയിലുള്ള അസീർ മ്യൂസിയത്തിലെ പുരാവസ്തുശേഖരം

അസീർ മ്യൂസിയം അറിവിന്റെ ജാലകക്കാഴ്ച

ബഷീർ ചുള്ളിയോട്

ഒരു ജനതയുടെ പൈതൃകത്തിലേക്കും സംസ്കാരത്തിലേക്കും ചരിത്രത്തിലേക്കും വെളിച്ചം വീശുന്ന പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്ന മ്യൂസിയങ്ങൾ ലോകത്തെവിടെയും ചരിത്രാന്വേഷികൾ അടക്കമുള്ളവരെ ആകർഷിക്കുന്ന കേന്ദ്രങ്ങളാണ്. സൗദിയിൽ സർക്കാർ മേഖലയിൽ മാത്രമല്ല, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലും നിരവധി മ്യൂസിയങ്ങളുണ്ട്. ഇവയിൽ പലതും സൗദി ടൂറിസം ആന്റ് നാഷണൽ ഹെറിറ്റേജ് കമ്മീഷൻ ലൈസൻസുള്ളവയാണ്.

അസീർ പ്രവിശ്യയിലെ ഏറ്റവും മികച്ച മ്യൂസിയം സൗദി പൗരൻ സാലിം അൽശഹ്രിയുടെ ഉടമസ്ഥതയിലുള്ളതാണ്. സറവാത്ത് മലനിരകൾക്ക് മുകളിൽ അൽഅഖീഖ ടൂറിസ്റ്റ് വില്ലേജിലാണ് സാലിം ബിൻ യഹ്യ അൽഖുഫൈമി അൽശഹ്രി മ്യൂസിയം പ്രവർത്തിക്കുന്നത്. അസീർ പ്രവിശ്യയിലെ ഏറ്റവും മികച്ച മ്യൂസിയമാണിത്. അൽനമാസിൽ ആദ്യ കാലത്ത് ഉന്നത വിദ്യാഭ്യാസം നേടിയ ചുരുക്കം പേരിൽ ഒരാളാണ് എൺപതുകാരനായ സാലിം അൽശഹ്രി. അധ്യാപകനായിസേവനമനുഷ്ഠിച്ചിരുന്ന സാലിം അൽശഹ്രി ചെറുപ്പം മുതൽ പുരാവസ്തു ശേഖരണത്തിൽ അതീവ തൽപരനായിരുന്നു.

നാൽപതിലധികം വർഷം മുമ്പാണ് താൻ പുരാവസ്തു ശേഖരണം ആരംഭിച്ചതെന്ന് സാലിം അൽശഹ്രി പറഞ്ഞു. ഇന്നും പുരാവസ്തുക്കൾക്കു വേണ്ടിയുള്ള അന്വേഷണം തുടരുകയാണ്. പുരാതന പൈതൃകത്തിന്റെ നാനാവശങ്ങളും അനാവരണം ചെയ്യുന്ന പുരാവസ്തുക്കൾ സാലിം അൽശഹ്രിയുടെ മ്യൂസിയത്തിൽ പ്രദർശനത്തിനുണ്ട്. ദക്ഷിണ സൗദിയിലെ വീടുകളിലെ അവിഭാജ്യ ഘടകമായ വിവിധയിനം ആയുധങ്ങളും നൂറ്റാണ്ടുകൾ പഴക്കമുള്ള നാണയങ്ങളും രത്നങ്ങൾ പതിച്ച ആഭരണങ്ങളും പുരാതന കാലത്തെ ഉടയാടകളും നൂറു കണക്കിന് വർഷം പഴക്കമുള്ള മൺപാത്രങ്ങളും ചെമ്പ്, ഇരുമ്പ്, മര പാത്രങ്ങളും മ്യൂസിയത്തിലുണ്ട്.

അസീർ പ്രവിശ്യയിൽ ഉപയോഗത്തിലുണ്ടായിരുന്ന പ്രധാന കാർഷികോപകരണങ്ങളും ഇവിടെ പ്രദർശനത്തിനുണ്ട്. പഴയ കാലത്ത് ദക്ഷിണ സൗദിയിലെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. കർഷകർക്കാവശ്യമായ എല്ലാവിധ ഉപകരണങ്ങളും ഏറ്റവും നന്നായി പ്രദേശത്തെ കൊല്ലന്മാരും ആശാരിമാരും നിർമിച്ചിരുന്നു. മരം കൊണ്ട് നിർമിച്ച വാതിലുകളുടെയും തുകൽ ഉൽപന്നങ്ങളുടെയും പ്രത്യേക വിഭാഗവും മ്യൂസിയത്തിലുണ്ട്.

പുരാവസ്തുക്കളുടെ ഇനങ്ങൾക്കനുസരിച്ച് മ്യൂസിയത്തിൽ 21 വിഭാഗങ്ങളുണ്ടെന്ന് സാലിം അൽശഹ്രി പറഞ്ഞു. മ്യൂസിയത്തിന് രണ്ടു പ്രധാന ഭാഗങ്ങളാണുള്ളത്. പുരാതന ഭവനങ്ങൾ പോലെ കല്ലുകളും മരങ്ങളും ഉപയോഗിച്ച് പരമ്പരാഗത രീതിയിൽ നിർമിച്ചതാണ് ഇതിൽ ഒരു ഭാഗം. പൈതൃക കൊത്തുവേലകളോടെ ആധുനിക രീതിയിൽ നിർമിച്ചതാണ് രണ്ടാമത്തെ ഭാഗം. ആധുനിക സൗദി കാലഘട്ടത്തിന്റെ തുടക്കം മുതലുള്ള നിരവധി പുരാവസ്തുക്കൾ മ്യൂസിയത്തിലുണ്ട്. അറുപത് വർഷം വരെ പഴക്കമുള്ള റേഡിയോകളും ടെലിവിഷനുകളും ടേപ്പ് റെക്കോർഡറുകളും അടക്കമുള്ള ഉപകരണങ്ങൾ ഇക്കൂട്ടത്തിലുണ്ട്.

രാജകുമാരന്മാർ, മുതിർന്ന ഉദ്യോഗസ്ഥർ, സർക്കാർ വകുപ്പ് മേധാവികൾ, സൗദിക്കകത്തു നിന്നും വിദേശങ്ങളിൽ നിന്നുമുള്ള സന്ദർശകർ തുടങ്ങി അനേകായിരം പേർ മ്യൂസിയം സന്ദർശിച്ചിട്ടുണ്ട്. മ്യൂസിയത്തിലെ അപൂർവ ശേഖരങ്ങൾ കണ്ട് സൗദി കമ്മീഷൻ ഫോർ ടൂറിസം ആന്റ് നാഷണൽ ഹെരിറ്റേജ് പ്രസിഡന്റ് സുൽത്താൻ ബിൻ സൽമാൻ രാജകുമാരൻ സന്തോഷം പ്രകടിപ്പിക്കുകയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. അസീർ പ്രവിശ്യയിലെ ഏറ്റവും മികച്ച മ്യൂസിയത്തിനുള്ള പുരസ്കാരം ഈ മ്യൂസിയത്തിന് ലഭിച്ചിട്ടുണ്ട്. അന്നത്തെ അസീർ ഗവർണർ ഫൈസൽ ബിൻ ഖാലിദ് രാജകുമാരനിൽ നിന്നാണ് ശഹ്രി പുരസ്കാരം സ്വീകരിച്ചത്. മറ്റു നിരവധി വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പുരസ്കാരങ്ങളും ഉപഹാരങ്ങളും സർട്ടിഫിക്കറ്റുകളും ലഭിച്ചിട്ടുണ്ടെന്നും സാലിം അൽശഹ്രി പറഞ്ഞു.

അസീർ പ്രവിശ്യയിലെ സാലിം അൽശഹ്രി മ്യൂസിയത്തിൽ പ്രദർശിപ്പിച്ച പുരാവസ്തുക്കൾ